**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4792** **19-03-2025 - ൽ മറുപടിയ്ക്ക്**

**പയ്യന്നൂരിൽ ഫിഷറീസ് കോളേജിന് പുതിയ കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ ജില്ലയിലെ പയ്യന്നൂരിൽ പ്രവർത്തിച്ചുവരുന്ന ഫിഷറീസ് കോളേജിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) | കണ്ണൂർ ജില്ലയിൽ പയ്യന്നൂർ താലൂക്ക് കോറോം വില്ലേജിൽ റീ സർവ്വേ 32/1 - ൽ പ്പെട്ട 2.5375 ഹെക്ടർ ഭൂമി, റീ സർവ്വെ 33/1 ൽ പ്പെട്ട 2.5560 ഹെക്ടർ ഭൂമി (ആകെ 5.0935 ഹെക്ടർ ഭൂമി) കുഫോസിന് സൗജന്യ നിരക്കായ ആർ ഒന്നിന് 100/- രൂപ നിരക്കിൽ 30 വർഷത്തേയ്ക്ക് പാട്ടത്തിന് നൽകിയിരുന്നു. തുടർന്ന്, ജൂലൈ 2024 - ൽ 30 വർഷത്തേയ്ക്കുള്ള കരാറിൽ കണ്ണൂർ ജില്ലാ കളക്ടർ ഒപ്പിട്ടുകയും ചെയ്തു.<br><br>നിലവിൽ ടി സ്ഥലത്തേയ്ക്ക് യാത്ര സൗകര്യത്തിനും മറ്റുമായി 10 മീറ്റർ വീതിയിൽ റോഡ് നിർമ്മാണം നടത്തുന്നതിന് സ്ഥലം ഏറ്റെടുക്കൽ നടന്നുവരുന്നു. ഇത് അന്തിമ ഘട്ടത്തിലാണ്. കോളേജ് നിർമ്മാണത്തിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് വേണ്ടി accredited agency യെ തിരഞ്ഞെടുക്കാൻ ടെണ്ടർ നടപടികൾ പൂർത്തികരിച്ചു. KITCO -യെ ആണ് മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ തിരഞ്ഞെടുത്തിരിക്കുന്നത്. മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ പുരോഗമിക്കുന്നു. |
| (ബി) | കെട്ടിട നിർമ്മാണത്തിന് തുക വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ അറിയിക്കാമോ? | (ബി) | 2024-25 വർഷത്തെ പദ്ധതിയിനത്തിൽ 118 ലക്ഷം രൂപ കോളേജിന്റെ പ്രാഥമിക നിർമ്മാണ പ്രവൃത്തികൾക്കും, മാസ്റ്റർ പ്ലാൻ തയ്യാറാക്കലിനും ആയി (compound wall, front gate, quarry muck filling, inter locking, tiling, digging, open well, soil investigation test and master plan preparation) വകയിരുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ